## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87 — 11.06.2014-ൽ മറുപടിക്ക്

### പെന്റാവാലന്റ് കത്തിവെയ്പിന്റെ ഫലപ്രാപ്തി പഠനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>,, സി. കൃഷ്ണൻ :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഇന്ത്യയിൽ പ്രാരംഭ പദ്ധതിയെന്ന നിലയിൽ കേരളത്തിൽ നടപ്പിലാക്കിയ പെന്റാവാലന്റ് കത്തിവെയ്പിന്റെ ഫലപ്രാപ്തി പഠനം കേന്ദ്രസർക്കാർ നടത്തിയോ ; | (എ) കേരളത്തിലും തമിഴ്നാട്ടിലും പെന്റാവാലന്റ് വാക്സിൻ കൊടുക്കാനാരംഭിച്ചതിനു ശേഷമുള്ള വിലയിരുത്തൽ (പോസ്റ്റ് ഇൻട്രഡക്ഷൻ ഇവാല്യുയേഷൻ) സർവ്വെ ലോകാരോഗ്യ സംഘടന 2012 -ൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം നടത്തുകയുണ്ടായി. |
| (ബി) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ ; | (ബി) 1 സ്റ്റാഫ് ട്രെയിനിംഗ് എല്ലാ വിഭാഗക്കാർക്കും നടത്തിയിട്ടുണ്ട്.<br>2 ഒട്ടുമിക്ക ആരോഗ്യകേന്ദ്രങ്ങളിലും പ്രതിരോധ കത്തിവെയ്പ് പരിപാടികളെപ്പറ്റിയുള്ള ആസൂത്രണ രേഖകൾ ലഭ്യമായിരുന്നു.<br>3 ശീതീകരണ ശൃംഖല എല്ലാ തലങ്ങളിലും പെന്റാവാലന്റ് വാക്സിന്റെ കാര്യത്തിലുൾപ്പെടെ ആവശ്യത്തിന് ലഭ്യമായിരുന്നു.<br>4 ഓപ്പൺ വയൽ പോളിസി എന്ന നയം ഫലപ്രദമായി നടപ്പിലാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.<br>5 ഡി.പി.റ്റി. പെന്റാവാലന്റ് വാക്സിനുകളുടെ കവറേജ് തമ്മിൽ വ്യത്യാസം കാണപ്പെട്ടുന്നില്ല. പെന്റാവാക്സിനിൽ, ഡോസ് 1 മുതൽ 3 വരെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഡി.പി.റ്റി. യുമായി താരതമ്യേന കുറവായി കാണപ്പെട്ടു.<br>6 എ.ഇ.എഫ്.ഐ (അഡ്‌വേഴ്സ് ഇഫക്ട്സ് ഫോളോവിംഗ് ഇമ്മ്യൂണൈസേഷൻ) -യുടെ നിരീക്ഷണം ഫലപ്രദമായി നടത്തപ്പെടുന്നതായും അതിനെപ്പറ്റിയുള്ള പരിജ്ഞാനം ഫീൽഡു തലത്തിൽ നല്ല രീതിയിൽ ഉള്ളതായും കാണപ്പെട്ടു. |

(.....2)

7 കത്തിവെയ്പിന്റെ രേഖപ്പെടുത്തലിനും റിപ്പോർട്ട് സൂക്ഷിക്കലിനും ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിച്ചു കണ്ടു.

8 ബോധവൽക്കരണം നല്ല രീതിയിൽ നടന്നിട്ടുണ്ട്.

9 കത്തിവെയ്പ് സംബന്ധിച്ച മേൽനോട്ടവും നിരീക്ഷണവും ജില്ലാ സംസ്ഥാന തലങ്ങളിൽ കൃത്യമായി നടത്തുകയും പ്രതിമാസ അവലോകനങ്ങൾ, പ്രവർത്തന മികവ് എന്നിവ വിലയിരുത്തുകയും ചെയ്യുന്നു.

10 ആശുപത്രികളുടെ മേൽനോട്ട പ്രവർത്തനവും രേഖപ്പെടുത്തലും മെച്ചപ്പെടേണ്ടതായി മനസ്സിലാക്കുന്നു. വിവര വിനിയോഗത്തിനുള്ള നടപടികളും കൂടുതൽ ഫലപ്രദമാക്കുന്നത് നന്നായിരിക്കും.

11 സ്വകാര്യ മേഖലയിൽ പ്രസ്തുത വാക്സിനുകളെപ്പറ്റി വ്യക്തമായ ധാരണയുള്ളതായും, സർക്കാർ തലത്തിൽ ഇവ നൽകപ്പെടുന്നതായി അറിവുള്ളതായും കാണപ്പെട്ടു.

(സി) പെന്റാവാലന്റ് പ്രതിരോധ കത്തിവെയ്പിനെത്തുടർന്ന് കുട്ടികൾ മരിച്ച സംഭവം റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഫലപ്രാപ്തി അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിക്കാതെ പ്രസ്തുത കത്തിവെയ്പ് തുടരുന്നത് നിർത്തലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ ;

(സി) ഫലപ്രാപ്തി പഠനം പുസ്തക രൂപത്തിലും, ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിലും ലഭ്യമാണ്. ഈ പഠനത്തിൽ നിന്നും ഈ വാക്സിൻ ഫലപ്രദമാണെന്ന് അറിഞ്ഞ സാഹചര്യത്തിൽ വാക്സിൻ നിർത്തലാക്കാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

(ഡി) മറ്റു സംസ്ഥാനങ്ങളിലേക്ക് പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ വ്യാപിപ്പിക്കാത്തതിന്റെ കാരണം അറിയാമോ ; വിശദമാക്കുമോ ?

(ഡി) ആറ് സംസ്ഥാനങ്ങളിലേയ്ക്കും, മൂന്ന് കേന്ദ്ര ഭരണ പ്രദേശങ്ങളിലേയ്ക്കും കത്തിവെയ്പ് വ്യാപിപ്പിച്ചിട്ടുള്ളതായി അറിയുന്നു.

സെക്ഷൻ ഓഫീസർ